## കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്ത് - മുഴപ്പിലങ്ങാട് വില്ലേജിലെ റീസർവ്വേ നമ്പർ 214/7 എ-ൽ ഉൾപ്പെട്ട സ്ഥലത്ത് ഷോപ്പ് കെട്ടിടനിർമ്മാണത്തിന് - കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് ചട്ടം 3 സി(ബി) പ്രകാരം ഇളവ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ആർബി) വകുപ്പ്

സ.ഉ (സാധാ) നമ്പർ 1715/16/തസ്വഭവ തിരുവനന്തപുരം, തീയതി:23/05/2016

---

പരാമർശം:-
1) 10. 01.2014 ലെ സ.ഉ.(എം.എസ്) നമ്പർ 10/14 /തസ്വഭവ നമ്പർ ഉത്തരവ്.
2) ശ്രീമതി.സി.പി.ഖദീജ, സജാസ് ഹൗസ്, മുഴപ്പിലങ്ങാട് എന്നവരുടെ 30.09.2015 ലെ അപേക്ഷ.
3) ചീഫ് ടൗൺ പ്ലാനറുടെ 29.03.2016 ലെ ഡി1/11360/15 നമ്പർ കത്ത്.

### ഉത്തരവ്

കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്തിലെ മുഴപ്പിലങ്ങാട് വില്ലേജിലെ റീസർവ്വെ നമ്പർ 214/7 എ-ൽ ഉൾപ്പെട്ട സ്ഥലത്ത് ഷോപ്പ് കെട്ടിട നിർമ്മാണത്തിന് റോഡിൽ നിന്നുള്ള ദൂരപരിധിയിൽ ഇളവ് അനുവദിക്കണമെന്നത് സംബന്ധിച്ച് പരാമർശം(2) പ്രകാരം സർക്കാരിനോടപേക്ഷിച്ചിരുന്നു.

2. പരാമർശ നിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് നിന്നും ദേശീയ പാത വികസനത്തിന് കെട്ടിട ഉടമ സ്ഥലം വിട്ടു നൽകിയതായും ആയതിനാൽ പരാമർശ നിർമ്മാണത്തിന് കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് ചട്ടം 3 സി(ബി) പ്രകാരം ഇളവ് അനുവദിക്കാവുന്നതാണെന്നും പരാമർശം (3) പ്രകാരം ചീഫ് ടൗൺ പ്ലാനർ സർക്കാരിൽ ശുപാർശ ചെയ്തു.

3. കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് 2014, ചട്ടം 3 സി(ബി) പ്രകാരം പൊതു ആവശ്യത്തിനായി സ്ഥലം വിട്ടുനൽകിയവർക്ക് ചീഫ് ടൗൺ പ്ലാനറുമായി കൂടിയാലോചിച്ച് നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് അനുവദിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

4. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് ഭേദഗതി ചട്ടം 3 സി(ബി) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് മുഴപ്പിലങ്ങാട് ഗ്രാമ പഞ്ചായത്തിലെ മുഴപ്പിലങ്ങാട് വില്ലേജിലെ റീ.സർവ്വെ 214/7 എ യിൽ ഉൾപ്പെട്ട സ്ഥലത്തെ ഷോപ്പ് കെട്ടിട

നിർമ്മാണത്തിന് നിയമാനുസൃത അനുമതികൾ ലഭ്യമാക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായി പരാമർശ നിർമ്മാണത്തിന്റെ മുൻവശത്തെ പോക്കറ്റ് റോഡിൽ നിന്നും ചട്ട പ്രകാരമുള്ള നിശ്ചിത ദൂരപരിധിയിൽ ഇളവ് അനുവദിച്ച് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
ബി.മധു
ജോയിന്റ് സെക്രട്ടറി

ശ്രീമതി. സി പി ഖദീജ,സജാസ് ഹൗസ്,നിയർ മൊയ്തുപ്പാലം മുഴപ്പിലങ്ങാട്, കണ്ണൂർ
സെക്രട്ടറി,മുഴപ്പിലങ്ങാട് ഗ്രാമ പഞ്ചായത്ത്,കണ്ണൂർ
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ